LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വനാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ 2015 ഡിസംബറിനകം തീർപ്പു കൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്മേൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ബി) 31-5-2011 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 36123 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 32911 അപേക്ഷകൾ ഗ്രാമസഭയും, 24846 അപേക്ഷകൾ സബ് ഡിവിഷണൽ സമിതിയും, 22443 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 16723 റ്റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു*.

2011 മേയ് മുതൽ 31-12-2015 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 67 അപേക്ഷകൾ അധികമായി ലഭിച്ചിട്ടുണ്ട്. ഇക്കാലയളവിൽ 969 അപേക്ഷകൾ ഗ്രാമസഭയും, 2543 അപേക്ഷകൾ സബ് ഡിവിഷൻ സമിതിയും, 3835 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 8175 റ്റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*. വനാവകാശ നിയമപ്രകാരം പട്ടയം നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സഞ്ജീവനി ഔഷധ സസ്യത്തോട്ടം

358 (336) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധിനതയിലുള്ള സഞ്ജീവനി വനം എന്ന ഔഷധ സസ്യ തോട്ടത്തിന്റെ പരിപാലനത്തിന് എന്തൊക്കെ ഫണ്ടുകളാണ് വിനിയോഗിക്കുന്നതെന്നും എന്ത് പരിപാലന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; ടി ഔഷധ സസ്യതോട്ടം ഇപ്പോൾ നാശത്തിന്റെ വക്കിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; കൂടുതൽ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അത് സംരക്ഷിക്കുന്നതിനും പ്രോജക്ട് തയ്യാറാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഔഷധ സസ്യതോട്ടത്തിന് ബജറ്റിൽ പ്രത്യേക ഫണ്ട് നീക്കി വെച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയുർവേദ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രസ്തുത കേന്ദ്രം ഒരു സുപ്രധാന ഗവേഷണ കേന്ദ്രമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1988-ലെ ലോകബാങ്ക് സഹായത്തോടെ കൊല്ലം ജില്ലയിൽ കുളത്തുപ്പുഴയ്ക്ക് സമീപം 18.8 ഹെക്ടറിൽ സഞ്ജീവനി വനം ഔഷധ സസ്യത്തോട്ടം സ്ഥാപിച്ചിട്ടുണ്ട്. ഔഷധ സസ്യത്തോട്ടങ്ങളുടെ പ്രചാരണവും, സംരക്ഷണവും ലക്ഷ്യമാക്കിയാണ് ടി ഔഷധ സസ്യത്തോട്ടം നിർമ്മിച്ചിട്ടുള്ളത്. ടി തോട്ടത്തിന്റെ ദൈനംദിന പരിചരണത്തിനും, സംരക്ഷണത്തിനുമായി ഇപ്പോൾ വാച്ചറുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

ഔഷധ സസ്യങ്ങളുടെ തൈകൾ ഉല്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഔഷധ സസ്യത്തോട്ടത്തിനു ചുറ്റും സൗരോർജ്ജവേലി കെട്ടി സംരക്ഷിക്കുന്നതിനും ഔഷധ സസ്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും ദിനപരിചരണത്തിനായി ഒരു വാച്ചറുടെ സേവനം തുടർന്നും ഉപയോഗപ്പെടുത്തുന്നതിനുമായി 30 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) സഞ്ജീവനി വനം ഔഷധ സസ്യത്തോട്ടത്തിന്റെ പരിചരണത്തിനായി പ്രത്യേകമായി ഇപ്പോൾ ഫണ്ട് നീക്കിവച്ചിട്ടില്ലാത്തതാണ്.

(സി) സഞ്ജീവനി വനം ഔഷധ സസ്യത്തോട്ടം ഗവേഷണ കേന്ദ്രമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലെ സൂപ്പർ ന്യൂമററി നിയമനം

359 (337) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ ട്രെയിനിംഗിന് അയയ്ക്കപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എത്രയെന്നും ഇവരുടെ ട്രെയിനിംഗ് എന്നു പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly